**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 749** **10-02-2025 - ൽ മറുപടിയ്ക്ക്**

**സഹകാരികൾക്ക് കടാശ്വാസ കമ്മീഷൻ ഇളവ് അനുവദിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സഹകരണ സ്ഥാപനങ്ങളിൽ കുടിശ്ശിക വരുത്തിയ സഹകാരികൾക്ക് കടാശ്വാസ കമ്മീഷൻ ഇളവ് അനുവദിച്ചതുമായി ബന്ധപ്പെട്ട് സഹകരണ സംഘങ്ങൾക്ക് വലിയ തുക നൽകാനുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ വിവിധ ജില്ലകളിൽ സിറ്റിംഗ് നടത്തി അനുവദിക്കുന്ന കടാശ്വാസ അവാർഡുകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ പരിശോധനയ്ക്ക് ശേഷം ലഭ്യമാകുന്ന പ്രൊപ്പോസലുകളിൽ അതാത് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിക്കുന്ന തുകയ്ക്ക് പുറമെ അധിക ധനാനുമതിയായി അനുവദിക്കുന്ന തുകയും ചേർത്ത് സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തീർത്തു വരുന്നു. ഈ സാമ്പത്തിക വർഷം ഇതേ വരെ 10,03,63,827/- (പത്ത് കോടി മൂന്ന് ലക്ഷത്തി അറുപത്തി മൂവായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) രൂപ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ബി) | കാർഷിക വായ്പകൾക്ക് ഉത്തേജന പലിശയിളവ് നൽകിയ ഇനത്തിൽ കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും സർവ്വീസ് സഹകരണ ബാങ്കുകൾക്കും നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് നൽകാമോ; | (ബി) | ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം സംഘങ്ങൾക്ക് ലഭിക്കാനുള്ള കുടിശ്ശിക തുക സംബന്ധിച്ച വിവരം ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത കുടിശ്ശികകൾ സഹകരണ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 32,00,84,339/- |
| 2 | കൊല്ലം | 1,24,17,313/- |
| 3 | പത്തനം തിട്ട | 88,31,38,163/- |
| 4 | ആലപ്പുഴ | 35,63,385/- |
| 5 | കോട്ടയം | 7,70,44,029/- |
| 6 | ഇടുക്കി | 26,13,40,943/- |
| 7 | എറാണാകുളം | 64,66,47,447/ |
| 8 | തൃശ്ശൂർ | 4,80,401,656/- |
| 9 | പാലക്കാട് | 10,37,33,337/- |
| 10 | മലപ്പുറം | 11,65,58,463/- |
| 11 | കോഴിക്കോട് | 351,5,87,890/- |
| 12 | വയനാട് | 28,04,69,480/- |
| 13 | കണ്ണൂർ | 36,42,46,543/- |
| 14 | കാസർഗോഡ് | 59,05,96,128/- |